**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം - ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിലെ സമ്പൂർണ്ണ പെൻഷൻ പദ്ധതി - ജില്ലാതല പ്രഖ്യാപനം - ചെലവ് - തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. 94/2014/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതിഃ 09.01.2014.

പരാമർശംഃ-
1) പഞ്ചായത്ത് ഡയറക്ടറുടെ 04.01.2014-ലെ ജി1-438/14 നമ്പർ കത്ത്.
2) ജി.ഒ.(എം.എസ്) 58/06/ത.സ്വ.ഭ.വ. തീയതിഃ 16.02.2006.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളേയും സമ്പൂർണ്ണ പെൻഷൻ പഞ്ചായത്തുകളാക്കി കൊണ്ടുള്ള ജില്ലാതല പ്രഖ്യാപനം 15.01.2014-ന് ബഹുഃ പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി പെരുങ്കടവിള ഗ്രാമ പഞ്ചായത്തിൽ വച്ച് നിർവ്വഹിക്കുകയാണെന്നും ടി പരിപാടിയുടെ സംഘാടന ചെലവുകൾക്കായി തിരുവനന്തപുരം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളേയും സമ്പൂർണ്ണ പെൻഷൻ പഞ്ചായത്തുകളാക്കി കൊണ്ടുള്ള ജില്ലാതല പ്രഖ്യാപനം 15.01.2014-ന് ബഹുഃ പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി നിർവ്വഹിക്കുന്ന ചടങ്ങിന്റെ സംഘാടന ചെലവിലേക്കായി **തിരുവനന്തപുരം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾക്ക് അവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി തനത് ഫണ്ടിൽ നിന്നും പരമാവധി 1000/- (ആയിരം രൂപ മാത്രം)** വീതം സംഭാവനയായി തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

സംഭാവന നൽകുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വരവ് ചെലവ് കണക്കുകളുടെ ആഡിറ്റഡ് സ്റ്റേറ്റ്മെന്റിന്മേൽ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ശരത്ചന്ദ്രൻ,
അണ്ടർ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.